DWCD/6520/2022-ICDSA8

I/74072/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/6520/2022-ICDSA8

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 30-12-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ് - ബഹു. മുഖ്യമന്ത്രിയുടെ പ്രയോറിറ്റി പ്രൊജക്ട് - സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം - സംബന്ധിച്ച്:-

സൂചന:- സർക്കാർ കത്ത് നം.വശിവിവ-ബി/467/2022-വശിവിവ തിയതി : 20.12.2022

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ബഹു. മുഖ്യമന്ത്രിയുടെ പ്രയോറിറ്റി പ്രൊജക്ടിൽ വകുപ്പിന്റെ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ 14 ജില്ലകളിലുമായി 204 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാകുകയും പ്രസ്തുത അങ്കണവാടികളുടെ നിർമ്മാണ ചുമതല LSGD ചീഫ് എഞ്ചിനീയർക്ക് നൽകി ഉത്തരവായിട്ടുള്ളതുമാണ്. സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണ പ്രവർത്തികൾ അടിയന്തിരമായി പൂർത്തികരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന അവലോകന യോഗത്തിൽ പ്രസ്തുത അങ്കണവാടികളുടെ കെട്ടിട നിർമ്മാണ പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തികൾ എത്രയും വേഗം പൂർത്തികരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :- എല്ലാ സിഡിപിഒ മാർക്കും (അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന്)

Signed by Priyanka G
Date: 30-12-2022 23:17:47